(ബി) ഈ പദ്ധതിക്ക് ഏതെല്ലാം സഹായം ലഭിക്കുന്നുണ്ട്;

(സി) ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനുള്ള വാർഷികവരുമാന പരിധി എത്രയാണ്;

(ഡി) ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത് ആരാണ്?

ഉത്തരം

(എ) സന്നദ്ധസംഘടനകളുടെ സഹായത്തോടെ ദുർബ്ബല വിഭാഗത്തിനായുള്ള സ്വയം സഹായ ഭവനനിർമ്മാണ പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

(ബി) ഈ പദ്ധതിക്ക് സംസ്ഥാന ഗവൺമെന്റിൽനിന്നും ഹഡ്കോയിൽനിന്നും സാമ്പത്തികസഹായമുണ്ട്. ഇതിനുപുറമെ ഈ പരിപാടിയുമായി സഹകരിച്ച് വീടുകൾ സ്പോൺസർ ചെയ്യുന്ന സന്നദ്ധസംഘടനകളുടെ സാമ്പത്തികസഹായവും ഉണ്ട്. കൂടാതെ ഗുണഭോക്താവും പണം മുടക്കേണ്ടതായുണ്ട്.

(സി) വാർഷിക കുടുംബവരുമാനത്തിന്റെ പരിധി 4,200 രൂപയാണ്.

(ഡി) അപേക്ഷകർ സന്നദ്ധ സംഘടനകൾവഴി സമർപ്പിക്കുന്ന അപേക്ഷകൾ ജില്ലാ കളക്ടർകൂടി പരിശോധിച്ച ശേഷം തീരുമാനമെടുക്കുന്നു.

ദുർബ്ബലവിഭാഗങ്ങൾക്ക് ഭവനനിർമ്മാണ പദ്ധതി അനുസരിച്ച് 1985–86–ൽ നിർമ്മിച്ച വീടുകൾ

655 [618] ശ്രീ. സി. എഫ് തോമസ്:
,, എ. ജോർജ്ജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുർബ്ബലജനവിഭാഗങ്ങൾക്കുള്ള ഭവനനിർമ്മാണ പദ്ധതി അനുസരിച്ച് 1985–86–ൽ എത്ര വീടുകൾ നിർമ്മിച്ചു;

(ബി) ഈ സാമ്പത്തികവർഷം എത്ര വീടുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു;

(സി) ഭവനനിർമ്മാണത്തിനുള്ള വായ്പകളുടെ വിതരണം ആരംഭിച്ചോ?

ഉത്തരം

(എ) ദുർബ്ബലവിഭാഗങ്ങൾക്കുള്ള ഭവനനിർമ്മാണപദ്ധതി അനുസരിച്ച് 1985–86–ൽ ഉദ്ദേശം 45,000 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി.

(ബി) 1986–87–ൽ ഉദ്ദേശം 1,90,000 വീടുകളുടെ പണി പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു.

(സി) വായ്പയുടെ വിതരണം നടന്നുകൊണ്ടേയിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly